# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5945 04.07.2019 -ൽ മറുപടിക്ക്**

**<u>അഴിമതിയ്ക്കെതിരെ സ്വീകരിച്ച നടപടികൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. പി. ഉണ്ണി<br>ശ്രീ.എ. പ്രദീപ്കുമാർ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെടുകാര്യസ്ഥതയും അഴിമതിയും വ്യാപകമായിരുന്ന അവസ്ഥയിൽ നിന്നും അഴിമതിരഹിതവും സുതാര്യവുമായ ഭരണസംവിധാനത്തിലേയ്ക്ക് വകുപ്പിനെ എത്തിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ ; | (എ) - ഈ സർക്കാർ അധികാരത്തിലേറ്റ ശേഷം പൊതുമരാമത്ത് വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി അധികമായി വിജിലൻസ് വിഭാഗത്തിൽ 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകുകയുമുണ്ടായി. കൂടാതെ സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ഓഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, സ്ഥലംമാറ്റം, വാർഷിക വേതന വർദ്ധനവ് തുടങ്ങിയ ആനുകൂല്യങ്ങൾ തടയൽ, നഷ്ടപരിഹാരം ഈടാക്കൽ എന്നിവ യുൾപ്പെടെ കർശന ശിക്ഷാനടപടികളും അഴിമതി നിർമ്മാർജ്ജനത്തിനായി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അഴിമതി നടത്തുന്നതിന് അവസരമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ, പൊതുമരാമത്ത് വകുപ്പിൽ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരെ വർഷത്തിൽ പലതവണ സ്ഥലം മാറ്റിയിരുന്ന തെറ്റായ രീതി തിരുത്തുന്നതിനായി കൊണ്ടുവന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | പൊതുമരാമത്ത് വകുപ്പിൽ പൊതുസ്ഥലംമാറ്റം നടത്തുന്നത് 21/06/2016 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 42/2016/പൊ.മ.വ., 22/07/2016 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 55/2016/പൊ.മ.വ., 25/02/2017 ലെ സർക്കാർ ഉത്തരവ് (പി) നം. 3/2017/ഉ.ഭ.പ.വ. എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിച്ചാണ്. |
| (സി) | പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കിയ പരിഷ്കാരങ്ങളുടെ ഫലമായുണ്ടായ ഗുണപരമായ മാറ്റം എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയതുമൂലം പരാതികളിൽ ദ്രുത ഗതിയിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുകയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതു വഴി ഗുണനിലവാരം ഉറപ്പാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**